"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- ചങ്ങനാശ്ശേരി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - സീനിയർ ക്ലർക്ക് ശ്രീമതി.ജ്യോതി ഐ ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2123/2022/LSGD തീയതി,തിരുവനന്തപുരം, 30-08-2022

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.12.2018 തീയതിയിലെ ഇ7(എസ്.സി.17/18/കെ.റ്റി.എം) 38152/2018 നമ്പർ കത്ത്
2. 08.11.2019തീയതിയിലെ ഇയു2-303/2019-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 01.09.2021 തീയതിയിലെ വി1-26300/2019നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 03.11.2018 ൽ ചങ്ങനാശ്ശേരി നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷ സംബന്ധിച്ച ഒമ്പതോളം ഫയലുകളിൽ നടപടികളൊന്നും സ്വീകരിക്കാതെ സൂക്ഷിച്ചിരുന്നതായി കണ്ടെത്തിയതിനാൽ, പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച്, പ്രസ്തുത ക്രമക്കേടിന് ഉത്തരവാദിയായ ടി നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീമതി.ജ്യോതി ഐ ക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിരുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് ടിയാൾ സമർപ്പിച്ച മറുപടിയിൻമേൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കുറ്റാരോപണമെമ്മോ/പത്രിക-യ്ക്ക് ശ്രീമതി.ജ്യോതി ഐ സമർപ്പിച്ച മറുപടിയിൽ, 23.08.2018 നാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെന്നും ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന കാലഘട്ടത്തിൽ പ്രളയാനന്തരമുള്ള പ്രത്യേക ജോലികൾ ഉണ്ടായിരുന്നുവെന്നും ധാരാളം തപാലുകൾ പെന്റിംഗ് ഉള്ള സാഹചര്യത്തിലാണ് 04.09.2018 ൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ടൗൺ പ്ലാനിംഗ് ക്ലർക്കായി ചുമതലയേറ്റെടുത്തിട്ടുള്ളതെന്നും മറുപടി നൽകിയിരിക്കുന്നു. പ്രളയത്തിന് തൊട്ടുമുന്നിലെ ദിവസങ്ങളിലെ ഫയലുകളും പ്രളയത്തിന് ശേഷമുള്ള തപാലുകളും പുതിയ സെക്ഷനിൽ ചാർജ്ജെടുത്തതിനുശേഷമുള്ള തപാലുകളും അസിസ്റ്റന്റ് എഞ്ചിനീയർമാർ തീർപ്പാക്കി കൊടുക്കുന്ന ഫയലുകളും ഉൾപ്പെടെ അധിക ജോലിയുണ്ടായിരുന്നുവെന്നും അതാത് ദിവസം പൂർണ്ണമായും ചെയ്ത് തീർക്കുവാൻ സാധിക്കാത്ത

അവസ്ഥയിലായിരുന്നുവെന്നും ശ്രീമതി.ജ്യോതി ഐ യുടെ മറുപടിയിൽ പറയുന്നു. ടിയാൾ ചാർജ്ജെടുത്തതിനു ശേഷം വിവിധങ്ങളായ രജിസ്റ്ററുകൾ അനുവദിക്കുന്നതിന് ശ്രമിച്ചുവെന്നും പെർമിറ്റ് രജിസ്റ്റർ ഉൾപ്പെടെ എല്ലാ രജിസ്റ്ററുകളിലും നടപടികൾ രേഖപ്പെടുത്തി വന്നിരുന്ന സാഹചര്യത്തിലാണ് 03.11.2018 ന് വിജിലൻസ് പരിശോധന നടന്നതെന്നും വിശദീകരിച്ചിരിക്കുന്നു. 9 ഫയലുകളിൽ നടപടി സ്വീകരിക്കാതെ കണ്ടെത്തിയിട്ടുള്ളത് ടിയാളുടെ ഭാഗത്തു നിന്നുള്ള മനപൂർവ്വമല്ലാത്ത വീഴ്ചയാണെന്നും അധിക ജോലി ഭാരമുണ്ടായിരുന്നതിനാൽ സംഭവിച്ചതാണെന്നും ഇത്തരം തെറ്റുകൾ ആവർത്തിക്കില്ലെന്നും ശ്രീമതി.ജ്യോതി ഐ മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. പരാമർശിത ഫയലുകളിൽ തുടർ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ചങ്ങനാശ്ശേരി നഗരസഭയിലെ 37 വാർഡുകൾ ഉൾപ്പെടുന്ന സെക്ഷനെ രണ്ടായി വിഭജിച്ച് 22 വാർഡുകളായി കുറവ് ചെയ്ത് ചുമതലകൾ ലഘൂകരിച്ചിട്ടുള്ളതാണെന്നും സൂചിപ്പിച്ചിട്ടുള്ളതാണ്. തെറ്റുകൾ മേലിൽ ആവർത്തിക്കില്ലെന്നും ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൾ അപേക്ഷിച്ചിരുന്നു.

3. ഇക്കാര്യത്തിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി.ജ്യോതി ഐ പ്രളയ ദുരന്തമുണ്ടായ സമയത്താണ് ജോലിയിൽ പ്രവേശിച്ചതെന്നും പ്രളയ ദുരന്തം സംബന്ധിച്ച ജോലികൾക്കായി ജീവനക്കാർക്ക് ചുമതലകൾ നൽകിയിട്ടുള്ളതിനാൽ പല ജീവനക്കാർക്കും ഓഫീസിൽ എത്താൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നുവെന്നും നഗരസഭയുടെ കീഴിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നതിനാൽ ജീവനക്കാർക്ക് ചുമതല നൽകിയിരുന്നതു നിമിത്തം ഓഫീസ് ഫയലുകളിൽ പെന്റിംഗ് വന്നിട്ടുണ്ടെന്നും ഇതു സംബന്ധിച്ച ശ്രീമതി.ജ്യോതി ഐ യുടെ മറുപടി അംഗീകരിക്കാനാവുന്നതും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ അറിയിച്ചിരുന്നു. ടിയാരി കൈകാര്യം ചെയ്തിരുന്ന ഇ2 സെക്ഷനിൽ ജോലി ഭാരം കൂടിയതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, സൂപ്രണ്ട് എന്നിവർ മുഖേന ടിയാരി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സെക്ഷൻ വിഭജിച്ച് നൽകിയിരുന്നുവെന്നും ജോലി ഭാരം കൂടിയതിനാലാണ് ഫയലുകൾ പെന്റിംഗ് ആയതെന്നും ടിയാരി മനഃപൂർവ്വമായി വീഴ്ച വരുത്തിയിട്ടില്ലെന്നും മറുപടി പരിഗണനാർഹമാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ 9 അപേക്ഷകളിൻമേൽ നടപടികളൊന്നും സ്വീകരിക്കാതെ സൂക്ഷിച്ചിട്ടുള്ളതായി വിജിലൻസ് കണ്ടെത്തിയിട്ടുള്ളത് ഒട്ടും അഭിലഷണീയമല്ലാത്തതാണ് എന്നും ആയത് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് ശ്രീമതി.ജ്യോതി ഐ യുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്ന് ടിയാരി സമ്മതിച്ചിട്ടുള്ളതും മനഃപൂർവ്വമല്ലാതെ സംഭവിച്ചിട്ടുള്ളതാണെന്ന് മറുപടിയിൽ വിശദീകരിച്ചിട്ടുള്ളതുമാണ്. ടിയാൾ ചാർജ്ജെടുക്കുന്നതിന് മുമ്പുള്ള പെന്റിംഗ് ഫയലുകളും തപാലുകളും ഉണ്ടായിരുന്നതിനാലും പ്രളയ ദുരന്തം കാരണം ജീവനക്കാരെ അനുബന്ധ പ്രവൃത്തികളിൽ നിയോഗിച്ചതിനാൽ തപാലുകൾ ഒരുമിച്ച് എത്തിച്ചേർന്നതു നിമിത്തവും അധിക ജോലി ഭാരമുണ്ടായിരുന്നതായി ടിയാൾ മറുപടിയിൽ പ്രതിപാദിക്കുന്നു. ശ്രീമതി.ജ്യോതി ഐ യുടെ മറുപടി വസ്തുതാപരമാണെന്ന് നഗരസഭാ സെക്രട്ടറി ബോധിപ്പിച്ചിട്ടുള്ളതും ആയത് കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ശ്രീമതി.ജ്യോതി ഐ യുടെ മറുപടിയും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് ശ്രീമതി.ജ്യോതി ഐ മനഃപൂർവ്വമായി കൃത്യ നിർവ്വഹണത്തിൽ അലംഭാവം വരുത്തിയിട്ടില്ലാത്തതാണെന്ന നിഗമനത്തിൽ ടിയാൾക്കെതിരായ അച്ചടക്കനടപടികളിൻ മേൽ തുടർനടപടികൾ

സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള മറുപടി, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ സഹിതം പരിശോധിച്ചതിൽ, ഒമ്പതോളം ഫയലുകളിൽ നടപടികളൊന്നും സ്വീകരിക്കാതെ സൂക്ഷിച്ചിരുന്നത് അധികജോലിഭാരം മൂലമാണെന്ന ശ്രീമതി.ജ്യോതി ഐ യുടെ മറുപടി വസ്തുതാപരമാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ചങ്ങനാശ്ശേരി നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സീനിയർ ക്ലർക്ക് ശ്രീമതി.ജ്യോതി ഐ-യ്ക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, ടിയാൾ മനഃപൂർവ്വമായി കൃത്യ നിർവ്വഹണത്തിൽ അലംഭാവം വരുത്തിയിട്ടില്ലാത്തതാണെന്ന നിഗമനത്തിൽ, ടിയാളുടെ ഭാഗത്ത് നിന്നും മേലിൽ വീഴ്ച ഉണ്ടാകാതിരിക്കുന്നതിന് ലഘുശിക്ഷയായ ശാസന(Censure) നൽകി, ടിയാൾക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി.ജ്യോതി ഐ,, സീനിയർ ക്ലർക്ക്, ചങ്ങനാശ്ശേരി നഗരസഭ (നഗരകാര്യഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 31-08-2022 10:55:40**
സെക്ഷൻ ഓഫീസർ